"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- തിരുവാലി ഗ്രാമപഞ്ചായത്ത് - മാലിന്യ പരിപാലനം - എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ദിവസവേതനാടിസ്ഥാനത്തിൽ 179 ദിവസത്തേക്ക് ഹെൽത്ത് ഇൻസ്പെക്ടറെ നിയമിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2720/2025/LSGD തീയതി,തിരുവനന്തപുരം, 07-11-2025

---

പരാമർശം:-

1. സർക്കുലർ നമ്പർ WM3/44/2025/LSGD തീയതി, 16.02.2025.
2. തിരുവാലി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 13.03.2025-ലെ 8/1 -ാം നമ്പർ തീരുമാനം.
3. തിരുവാലി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 28.07.2025-ലെ 8/1 -ാം നമ്പർ തീരുമാനം.
4. തിരുവാലി ഗ്രാമപഞ്ചായത്ത് കൗൺസിലന്റെ 09.10.2025-ലെ 6-ാം നമ്പർ തീരുമാനം.
5. തിരുവാലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.10.2025-ലെ എ1-01/2025 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1)-ലെ സർക്കുലറിന്റെ അടിസ്ഥാനത്തിൽ, തിരുവാലി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം (2) തീരുമാന പ്രകാരം ശ്രീ. രാധാകൃഷ്ണൻ പി.കെ., മൈലൂത്ത് വീട്, മഞ്ഞപ്പറ്റ പി.ഒ. മലപ്പുറം ജില്ല എന്നവരെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ 29.03.2025 വരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിരുന്നു.

(2) മേൽ കാലയളവിൽ ടിയാന്റെ സേവനപരതയും ഈ മേഖലയിലെ നൈപുണ്യവും മാലിന്യ പരിപാലനത്തിൽ പഞ്ചായത്തിന്റെ തുടർ പ്രവർത്തനങ്ങളും കണക്കിലെടുത്ത് 01.04.2025 മുതൽ 179 ദിവസത്തേക്ക് കൂടി ടിയാനെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ നിയമിച്ചുകൊണ്ട് പരാമർശം (3) പ്രകാരം തിരുവാലി ഗ്രാമപഞ്ചായത്ത് കൗൺസിൽ തീരുമാനമെടുത്തിരുന്നു.

(3) ശ്രീ. രാധാകൃഷ്ണൻ പി.കെ- യുടെ നിയമനത്തിനും വേതനം അനുവദിക്കുന്നതിനും സാധൂകരണം ആവശ്യമായതിനാൽ, സർക്കാരിനോട് അപേക്ഷിക്കുന്നതിന് പരാമർശം (4) പ്രകാരം തിരുവാലി ഗ്രാമപഞ്ചായത്ത് കൗൺസിൽ തീരുമാനിച്ചു.

(4) ശ്രീ.രാധാകൃഷ്ണൻ പി.കെ. മൈലൂത്ത് വീട്, മഞ്ഞപ്പറ്റ പി.ഒ. മലപ്പുറം ജില്ല

എന്നവരെ 01.04.2025 മുതൽ 179 ദിവസം ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച നടപടിക്ക് സാധൂകരണം അനുവദിക്കണമെന്ന് തിരുവാലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (5) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവാലി ഗ്രാമപഞ്ചായത്തിന്റെ ഉദ്ദേശ ലക്ഷ്യവും, തനത് ഫണ്ടിന്റെ പര്യാപ്തതയും പരിഗണിച്ച് ശ്രീ.രാധാകൃഷ്ണൻ പി.കെ. മൈലൂത്ത് വീട്, മഞ്ഞപ്പറ്റ പി.ഒ. മലപ്പുറം ജില്ല എന്നവരെ 01.04.2025 മുതൽ 179 ദിവസം ദിവസവേതനാടിസ്ഥാനത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ നിയമിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

(6) ഭാവിയിൽ മേൽ പ്രകാരമുള്ള നിയമനങ്ങൾ നടത്തുമ്പോൾ സർക്കാരിൽ നിന്നുള്ള മുൻകൂർ അനുമതി വാങ്ങുന്ന കാര്യത്തിൽ സെക്രട്ടറി ജാഗ്രത പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
സെക്രട്ടറി, തിരുവാലി ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ കെ എം
ഡയറക്ടർ(I&PRD), വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
സെക്ഷൻ ഓഫീസർ
Date: 07-11-2025 16:17:29